WEDNESDAY 08.11.2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU



Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 08/11/2023

1. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ 94.28 കോടി രൂപയുടെ നഷ്ടപരിഹാര വിതരണ ഉത്ഘാടനവും റാബി 2023 സീസണിലെ പോളിസി സർട്ടിഫിക്കറ്റ് വിതരണവും കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഇന്ന് (നവംബൽ 8) ഉച്ചയ്ക്ക് 2.30 ന് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് നിർവ്വഹിക്കുന്നു. 2020 മുതൽ 2022 വരെ കേരളത്തിൽ പ്രധാനമന്ത്രി ഫസൽ ബീമാ യോജന (PMFBY), കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (RWBCIS)എന്നീ രണ്ട് കേന്ദ്ര ആവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കിയിരുന്നു .നെല്ല്, മരച്ചീനി, വാഴ എന്നീ വിളകൾ പി.എം.എഫ്.ബി.വൈ. പദ്ധതിയിലൂടെയും മറ്റുവിളകൾ RWBCIS പദ്ധതിയിലൂടെയുമാണ് നടപ്പാക്കിയിരുന്നത്. 2023ൽ കേരളത്തിലെ 14 ജില്ലകളിലും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 27 ഇനം വിളകളെയും ഉൾപ്പെടുത്തി RWBCIS നടപ്പിലാക്കുന്നതിനായി വിജ്ഞാപനം ചെയ്തു.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ കാർഷിക ശാസ്ത്രത്തിൽ ഡിപ്ലോമയ്ക്ക് അവസരം. കാർഷിക പഠനത്തിനുള്ള മികച്ച അവസരമാണ് ഇതുവഴി ലഭ്യമാകുക. പ്രസ്തുത കോഴ്സിൻറെ ഉദ്ഘാടനം ഇന്ന് (നവംബർ 8ന്) രാവിലെ 10 മണിക്ക് കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ.ബി അശോക് ഐ.എ.എസ് നിർവഹിക്കും. ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടത്തുന്ന ഉദ്ഘാടന യോഗത്തിൽ കായംകുളം എം.എൽ.എ അഡ്വ.യു. പ്രതിഭ അധ്യക്ഷത വഹിക്കും. ജൈവവൈവിധ്യം കൊണ്ടും കാർഷിക സംസ്കാരം കൊണ്ടും കീർത്തി കേട്ട ഓണാട്ടുകരയുടെ ഖ്യാതി വർധിപ്പിക്കാനും നൂതന കൃഷി രീതികൾ വിദ്യാർത്ഥികൾക്ക് പകർന്നു നൽകാനും അവസരം ഒരുക്കുക എന്നതാണ് കോഴ്സിന്റെ ലക്ഷ്യം.

3. പ്രധാനമന്ത്രി കിസാൻ സമ്മാൻയോജനയിലെ (PM Kissan) മുഴുവൻ ഗുണഭോക്താക്കൾക്കും കിസാൻ ക്രെഡിറ്റ് കാർഡ (KCC) നൽകും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ടസിൽ പുനലൂരിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഉന്നത ഗുണനിലവാരം പുലർത്തുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളായ തേൻ, മംഗോ ജ്യൂസ്, മംഗോ പൾപ്പ്, നറുനീണ്ടി & പൈനാപ്പിൾ സിറപ്പുകൾ, ജാമുകൾ, അച്ചാറുകൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ജ്യോതി' എന്ന ബ്രാൻഡിൽ വിപണിയിൽ സജ്ജമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9846297007.

പരിശീലന പരിപാടി

5. ട്രെയിനിങ് ഇൻ ക്വാളിറ്റി പ്ലാന്റിങ് മെറ്റീരിയൽ പ്രൊഡക്ഷൻ ഓഫ് ട്രോപ്പിക്കൽ ട്യൂബർ ക്രോപ്സ് എന്ന വിഷയത്തിൽ നവംബർ 20 മുതൽ 22 വരെ ഡിവിഷൻ ഓഫ് ക്രോപ് പ്രൊഡക്ഷനും കേന്ദ്ര കിഴങ്ങു വർഗ ഗവേഷണകേന്ദ്രം ശ്രീകാര്യവും സംയുക്തമായി പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ICAR / SAUs/ CAUs / ഡീംഡ് യൂണിവേഴ്സിറ്റീസ് / KVKs / സംസ്ഥാന കൃഷിവകുപ്പ് / ഹോർട്ടികൾച്ചർ വകുപ്പ് സീഡ് ആൻഡ് പ്ലാന്റിങ് മെറ്റീരിയലിൽ താല്പര്യമുള്ളവരോ അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരോ ആയിരിക്കണം പരമാവധി 20 പേരെ സ്ക്രീനിംഗ് കമ്മിറ്റി തിരഞ്ഞെടുക്കുന്നതാണ്. 19-ാം തിയതി വൈകുന്നേരം തന്നെ പരിശീലനത്തിൽ പങ്കെടുക്കുവാൻ എത്തിച്ചേരേണ്ടതാണ് ട്രെയിനിങ് ഫീസ് 3000 രൂപ. കൂടുതൽ വിവരങ്ങൾക്ക് https://www.ctcri.org എന്ന വെബ്സൈറ്റിലോ, director.ctcri@icar.gov.in എന്ന ഈ- മെയിൽ വിലാസത്തിലോ, 0471-2598551, 9495997594 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

6. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി ശാസ്ത്രീയ പശുപരിപാലനം' എന്ന വിഷയത്ത ആസ്പദമാക്കി 13/11/2023 മുതൽ 17/11/2023 വരെ 5 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലനം കേന്ദ്രത്തിൽ വച്ച് നവംബർ മാസം 17ന് മുയൽ വളർത്തൽ എന്ന വിഷയത്തിലും 20, 21 തീയതികളിൽ ഇറച്ചി കോഴി വളർത്തൽ എന്ന വിഷയത്തിലും 22ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാട വളർത്തൽ എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

8. കൊല്ലം ജില്ലയിലെ കൊട്ടിയം ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്ററിൽ നവംബർ 9, 10 തീയതികളിൽ മുട്ടക്കോഴി വളർത്തലിൽ സൗജന്യപരിശീലനം നൽകുന്നു. 9447525485, 9495925485 നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് അവസരം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം